# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 457 - 08/08/2017 - ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ പ്രതിമാസ ചെലവും വരവും

**ചോദ്യം** **ഉത്തരം**

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ പ്രതിമാസ ചെലവും വരവും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര വീതമെന്ന് വ്യക്തമാക്കുമോ; | അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ താൽക്കാലിക കണക്കുകൾ പ്രകാരം ഡിസംബർ 2016 വരെയുള്ള റവന്യൂ വരവും റവന്യൂ ചെലവും സംബന്ധിച്ച മാസാടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു. (തുക കോടിയിൽ) |
| (ബി) | 2016-17 സാമ്പത്തിക വർഷം വാർഷിക പദ്ധതിക്കു വേണ്ടി വാങ്ങിയ വായ്പകൾ ആവർത്തന ചെലവുകൾ നേരിടാൻ വേണ്ടി വകമാറ്റിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | വാർഷിക പദ്ധതിക്കു വേണ്ടി വാങ്ങുന്ന വായ്പകൾ പ്രധാനമായും പദ്ധതി ചെലവുകൾക്കായിട്ടാണ് വിനിയോഗിക്കുന്നത്. എന്നാൽ പദ്ധതിയേതര റവന്യൂ അക്കൗണ്ടിൽ കമ്മിയുണ്ടാകുന്ന പക്ഷം ആയത് നികത്തുന്നതിനായി വായ്പ എടുക്കുന്ന തുകയുടെ ഒരു ഭാഗം ചെലവഴിക്കേണ്ടിവരാറുണ്ട്. 2016-17 സാമ്പത്തിക വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്ക് ലഭ്യമായിട്ടില്ല. |

2016-17 വർഷത്തിൽ ഡിസംബർ വരെയുള്ള റവന്യൂ വരവ് ചെലവ് കണക്ക്

| മാസം | റവന്യൂ വരവ് | റവന്യൂ ചെലവ് |
|---|---|---|
| ഏപ്രിൽ | 3638.89 | 4961.45 |
| മെയ് | 3193.03 | 4093.49 |
| ജൂൺ | 7277.86 | 6135.50 |
| ജൂലൈ | 5931.86 | 6600.65 |
| ആഗസ്റ്റ് | 7458.24 | 8837.50 |
| സെപ്റ്റംബർ | 4864.76 | 7702.23 |
| ഒക്ടോബർ | 6173.86 | 7194.71 |
| നവംബർ | 5919.50 | 6654.66 |
| ഡിസംബർ | 5949.47 | 7128.29 |

സെക്ഷൻ ഓഫീസർ